പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 39 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ●2009 ജൂൺ 17

# സ്മാർട്സിറ്റി നഷ്ടപ്പെട്ടാൽ യുവജനങ്ങൾ ക്ഷമിക്കില്ല

സ്മാർട്സിറ്റി കേരളത്തിന് നഷ്ടപ്പെടുകയാണോ? കേരളീയർ ഏറെ പ്രതീക്ഷയോടെ സ്വാഗതം ചെയ്ത ഈ സ്വപ്നപദ്ധതി നഷ്ടപ്പെട്ടാൽ ഐ.ടി. രംഗത്തു കേരളം വലിയ തിരിച്ചടി നേരിടേണ്ടി വരും. രാഷ്ട്രവികസനത്തിന് ഒരിക്കലും മുൻഗണന നല്കാൻ തയ്യാറില്ലാത്ത കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള കേരള ഭരണത്തിൽ എന്തും സംഭവിക്കാം.

2007 മെയ് 13 ഞായറാഴ്ച 1.23ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിലെ സൊണാറ്റാ ഹാളിലാണ് കേരളാ ഗവൺമെണ്ടും ദുബായ് ടെക്നോളജി ആൻഡ് മീഡിയാ ഫ്രീ സോൺ അതോറിട്ടി (ടീകോം)യും തമ്മിൽ കൊച്ചിയിൽ ഒരു സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചത്.

ഇൻഫോ പാർക്കും 62.57 ഏക്കർ സ്ഥലവും 109 കോടി രൂപയ്ക്കു ടീകോമിനു വിട്ടുകൊടുക്കാമെന്ന യു.ഡി.എഫ്. ഗവൺമെണ്ടു കാലത്തെ വ്യവസ്ഥ ഇപ്പോൾ ഒഴിവാക്കി. ഇതുമൂലം പദ്ധതി നടത്തിപ്പു മൂന്നു വർഷമെങ്കിലും വൈകുമെന്നു പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി മുന്നറിയിപ്പു നല്കിയിരുന്നു. ഇൻഫോപാർക്ക് വിട്ടുകൊടുത്തിരുന്നെങ്കിൽ ആറുമാസത്തിനകം സ്മാർട്സിറ്റി യാഥാർത്ഥ്യമാകുമായിരുന്നെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. പ്രതിപക്ഷനേതാവിന്റെ ആശങ്ക ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്.



**തുടക്കം പിഴച്ചോ?:** *മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ സ്മാർട്സിറ്റി പ്രവർത്തനം ഉദ്ഘാടനം ചെയ്യുന്നു.*

>> 2

## കരാറിലെ പ്രധാന വ്യവസ്ഥകൾ ഇങ്ങനെയായിരുന്നു

- ആകെ മൂലധനം 680 കോടി രൂപ. അടച്ചുതീർത്ത മൂലധനം 120 കോടി രൂപ.
- 60 ദിവസത്തിനുള്ളിൽ 246 ഏക്കർ ഭൂമി സ്മാർട്സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനു പാട്ടവ്യവസ്ഥയിൽ കൈമാറണം.
- 99 വർഷത്തെ പാട്ട കാലാവധി.
- ഒറ്റത്തവണ പാട്ടത്തുകയായി 104 കോടി രൂപ ടീകോം കേരള സർക്കാരിനു നല്കണം.
- ഏക്കറിന് ഒരുരൂപ വച്ച് 246 കോടി രൂപ വാർഷിക വാടകയായി സർക്കാരിനു നല്കണം.
- അടച്ചുതീർത്ത മൂലധനത്തിന്റെ 16 ശതമാനം (19.2 കോടി) സർക്കാർ ഓഹരിയായിരിക്കണം.
- അഞ്ചുവർഷത്തിനുള്ളിൽ അന്നത്തെ ഷെയർ വിലയ്ക്കു 10 ശതമാനം ഓഹരികൂടി കേരള സർക്കാരിനു ലഭിക്കും.
- ഇപ്പോൾ പത്തംഗ ഡയറക്ടർ ബോർഡിൽ രണ്ടു സർക്കാർ പ്രതിനിധികൾ. ഓഹരി 26 ശതമാനമാകുമ്പോൾ സർക്കാർ പ്രതിനിധികൾ മൂന്നാവും.
- സർക്കാർ നിർദ്ദേശിക്കുന്ന ഒരാളായിരിക്കും ചെയർമാൻ.
- സ്മാർട്സിറ്റിയെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കാനുള്ള എല്ലാ സഹായവും സർക്കാർ ചെയ്തുകൊടുക്കണം.
- അടിസ്ഥാന സൗകര്യങ്ങൾ 15 ദിവസത്തിനുള്ളിൽ ഏർപ്പെടുത്തണം.
- രണ്ടു വർഷത്തിനുള്ളിൽ വിമാനത്താവളവും തുറമുഖവുമായി ബന്ധിപ്പിക്കുന്ന നാലുവരി പാത സർക്കാർ നിർമിച്ചു നല്കണം.
- സ്മാർട്സിറ്റിക്കുള്ളിൽ രാജ്യാന്തര ബിസിനസ് പൂളും എയർപോർട്ട് ചെക്ക് ഇൻ കൗണ്ടറും സ്ഥാപിക്കാൻ സർക്കാർ മുൻകൈയെടുക്കണം. 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കമ്പനിക്കു കഴിയണം. അതിനു കഴിഞ്ഞില്ലെങ്കിൽ ടീകോമിന്റെ ഓഹരി സർക്കാരിന് ഏറ്റെടുക്കാം.
- 88 ലക്ഷം ചതുരശ്ര അടി കെട്ടിടമാണു ടീകോം ഇവിടെ നിർമിക്കേണ്ടത്. അതിൽ 62 ലക്ഷം (70%) ചതുരശ്ര അടി ഐ.ടി.ക്കു വേണ്ടി മാത്രമായിരിക്കണം.

## മാധവിക്കുട്ടി നിത്യഹരിത പ്രണയത്തിന്റെ കഥാകാരി

**കെ. എം. മാണി**

നിത്യഹരിത പ്രണയത്തിന്റെ ആവിഷ്കാരത്തിലൂടെ ആസ്വാദഹൃദയങ്ങൾക്കു വിരുന്നൊരുക്കിയ സർഗചൈതന്യമാണു മാധവിക്കുട്ടിയെന്നു കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി പറഞ്ഞു.

കപടസദാചാര മൂല്യങ്ങൾക്കെതിരെ തൂലിക ചലിപ്പിച്ച ആ കഥാകാരി അവരുടെ നിരവധി രചനകളിലൂടെ വായനക്കാരുടെ മനസ്സിൽ ലാവണ്യ വിശുദ്ധിയിലൂടെ നിറവു പകരുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) സാംസ്കാര വേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കമലാ സുരയ്യാ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്കാരവേദി ചെയർമാൻ ഡോ. വർഗീസ് പേരയിൽ അധ്യക്ഷത വഹിച്ചു. പ്രതിച്ഛായ ചീഫ് എഡിറ്റർ ഡോ.കുര്യാസ് കുമ്പളക്കുഴി അനുസ്മരണ പ്രഭാഷണം നടത്തി. അഡ്വ. ടി.വി. ഏബ്രഹാം, പ്രൊഫ. ജേക്കബ് എം ഏബ്രഹാം, അജിതാ സാബു, അഡ്വ.ജോബ് മൈക്കിൾ, പയസ് കുര്യൻ, ഡോ. സി.കെ. ജെയിംസ് എന്നിവർ പ്രസംഗിച്ചു.



*സംസ്കാര വേദി സംഘടിപ്പിച്ച കമലാ സുരയ്യ അനുസ്മരണം പാർട്ടി ലീഡർ കെ.എം.മാണി ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.ജോബ് മൈക്കിൾ, ബേബി ഉഴുത്തുവാൽ, അഡ്വ.ടി.വി.ഏബ്രഹാം, ഡോ.വർഗീസ് പേരയിൽ, ഡോ.കുര്യാസ് കുമ്പളക്കുഴി, പ്രൊഫ.ജേക്കബ് എം. ഏബ്രഹാം, ശ്രീമതി അജിതാ സാബു എന്നിവർ വേദിയിൽ.*

**പ്രതിച്ഛായ ഓണപ്പതിപ്പ് ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു**

3


*അനുസ്മരണം*



ഝാൻസി റാണി (1835 – 1858) 14

*മുഖപ്രസംഗം*
പരാജയപാഠങ്ങൾ ശരിയായി വായിക്കുക 2

*രാഷ്ട്രീയം*
പിണറായി വീണ്ടും ആട്ടിൻതോലണിയുന്നു
പി.ടി. ജോസ് 3

*രാഷ്ട്രീയ കേരളം*
കേരളം ഗുണ്ടകളുടെ സ്വന്തം നാടാകുന്നു
സാബു ജോൺ 4

*കാഴ്ചവട്ടം*
ഗുണ്ടയ്ക്കൊപ്പം ഗുണ്ടമാത്രം
പ്രൊഫ.മാടവന ബാലകൃഷ്ണപിള്ള 5

*മനസ്സറിയുക ശരീരവും*
വൈകാരികതയും ദൈനംദിനജീവിതവും
ഡോ.(സി.) ഷാലു കോയിക്കര 6

*ചുവരെഴുത്തുകൾ*
കിനാവു കണ്ടുണർന്നവരുടെ പരാതിയും പരിഭവവും (?)
ശ്വേതകേതു 9


**മറ്റു പംക്തികളും**

പ്രശസ്ത കഥാകാരനും മാധ്യമപ്രവർത്തകനുമായ **തേക്കിൻകാട് ജോസഫ്,** തന്റെ അനുഭവസമ്പന്നമായ സാംസ്കാരിക ജീവിതത്തിലെ ചില സന്ദർഭങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കുന്ന പംക്തി

**- ഫ്ളാഷ് ബാക്ക്**

*ഈ ലക്കം മുതൽ ആരംഭിക്കുന്നു.*

8

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 2 ലക്കം 39

2009 ജൂൺ 17

പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*പലപ്പോഴും അടഞ്ഞ വാതിലിനു മുന്നിൽ കാത്തുനില്ക്കുന്ന നാം*
*അപ്പുറത്തെ തുറന്ന വാതിൽ കാണുന്നില്ല.*

*- ഗ്രഹാം ബെൽ.*

# പരാജയ പാഠങ്ങൾ ശരിയായി വായിക്കുക

**ഒ**രടി ഓർമയ്ക്കു നല്ലതാണ് എന്ന പഴമൊഴി അന്വർത്ഥമാക്കുന്നതാണു സിപിഎം സെക്രട്ടറി പിണറായി വിജയന്റെ ഏറ്റുപറച്ചിൽ. ലോകസഭാ തെരഞ്ഞെടുപ്പുഫലം ഇടതുമുന്നണിക്കു പുതിയൊരു പാഠമായെന്ന് അദ്ദേഹം സമ്മതിക്കുന്നു. അത്രയും നന്നായി.

എന്നാൽ പരാജയകാരണങ്ങൾ അദ്ദേഹം കണ്ടെത്തുന്നതൊക്കെത്തന്നെയാണോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. സ്വന്തം പാർട്ടിയിലെ തന്നെ ലെനിനിസ്റ്റു സംഘടനാതത്വങ്ങളുടെ ലംഘനം, മുന്നണിയിലെ ഘടകകക്ഷികൾക്കിടയിലുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ, ക്രൈസ്തവവിഭാഗങ്ങളിൽ ഒന്നിന്റെ മാത്രം പരസ്യമായ എതിർനിലപാട്, ബിജെപിയുടെ വോട്ടു യുഡിഎഫ് വിലയ്ക്കു വാങ്ങിയത്, യുഡിഎഫിന്റെ പണക്കൊഴുപ്പ് , മാധ്യമങ്ങളുടെ പരസ്യമായ എതിർപ്പ് എന്നിവയെല്ലാം ഇടതുമുന്നണിയുടെ പരാജയം ഉറപ്പാക്കിയെന്നാണു വിജയൻ വിലയിരുത്തുന്നത്.

എന്നാൽ, അതിശക്തമായ ഭരണവിരുദ്ധ വികാരത്തെ അദ്ദേഹം ഒരു കാരണമായി കാണുന്നില്ല. ന്യൂനപക്ഷങ്ങൾക്കെതിരെ മാർക്സിസ്റ്റ് പാർട്ടി നടത്തിയ നാണംകെട്ട കടന്നാക്രമണങ്ങൾ തിരിഞ്ഞുകുത്തിയതിനെപ്പറ്റിയും അദ്ദേഹം മൗനം പാലിക്കുന്നു. പകരം ന്യൂനപക്ഷങ്ങളെ ജീവൻ നല്കിയും സംരക്ഷിക്കുന്ന ഏക പ്രസ്ഥാനം സിപിഎം ആണെന്ന പൊളിഞ്ഞുപോയ അവകാശവാദം മാത്രം ആവർത്തിക്കുന്നു!

ദേശാഭിമാനി പത്രത്തിൽ വന്ന റിപ്പോർട്ടിലെ ഒരു ഭാഗം ഇങ്ങനെയാണ്: "വാക്കിനു വാക്കുപറയാൻ എല്ലാവരും മിടുക്കരാണ്. അനാവശ്യവാക്കുകൾ ഉപയോഗിക്കാതിരിക്കുക. വാക്കുകൊണ്ടു തോല്പിച്ചുകളയാമെന്ന് ചിന്തിക്കരുത്." ദേശാഭിമാനിയല്ല റിപ്പോർട്ടു ചെയ്തതെങ്കിൽ ഇതു പിണറായി വിജയൻ പറഞ്ഞതാണെന്ന് ആരും വിശ്വസിക്കുമായിരുന്നില്ല. കാരണം, ഈ ഉപദേശം ആദ്യം മുതലേ ലംഘിച്ചു പോന്നിട്ടുള്ളത് പിണറായി തന്നെയാണ്. താമരശ്ശേരി ബിഷപ്പിനെ 'നികൃഷ്ടജീവി' എന്നു വിളിച്ച് ആക്ഷേപിച്ചത്, ഒഞ്ചിയത്തെ വിമതരെ 'കുലംകുത്തിക'ളെന്നു പരിഹസിച്ചത്, നാരായണപ്പണിക്കരുടെ ഏതു ഭാഷയും തനിക്കു മനസ്സിലാകും എന്ന് അവഹേളിച്ചത് - എല്ലാം പിണറായിയുടെ സംഭാവനകളാണല്ലോ. കുട്ടിസഖാക്കളുടെ വിവേകശൂന്യമായ വായാടിത്തങ്ങൾ, കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രിയുടെ പ്രയോജനവും ചെയ്തു.

വിദ്യാഭ്യാസരംഗത്തു കേരളത്തിലെ ക്രൈസ്തവസമൂഹം നല്കിയ ചരിത്രസംഭാവനകൾക്കു യാതൊരു വിലയും കല്പിക്കാതെ അവരെ വെറും വിദ്യാഭ്യാസ കച്ചവടക്കാർ എന്ന നിലയിൽ അധിക്ഷേപിച്ചതും കേരളസമൂഹത്തിൽ വലിയ മുറിവുകളുണ്ടാക്കി. വിദ്യാഭ്യാസവകുപ്പു കൈയാളുന്ന എം.എ.ബേബിയുടെ തുഗ്ലക്കു നിലപാടുകൾക്കും ആക്രമണോത്സുകതയ്ക്കും തടയിടുന്നതിനു പകരം, അതൊക്കെ കണ്ടും കേട്ടും തലയാട്ടി രസിക്കുകയാണു പാർട്ടി സെക്രട്ടറി ചെയ്തത്. അതും ജനങ്ങൾക്കിഷ്ടപ്പെട്ടില്ല എന്നു തെരഞ്ഞെടുപ്പുഫലം തെളിയിച്ചല്ലോ.

മുന്നണിയിലെ അനൈക്യം എന്ന വിലയിരുത്തൽ തന്നെ വസ്തുതാപരമായി തെറ്റാണ്. സിപിഎമ്മിന്റെ ചവിട്ടും തൊഴിയും നിരന്തരം കൊണ്ടിട്ടും ജനതാദളിലെ ഒരു വിഭാഗമൊഴികെ ബാക്കിയെല്ലാവരും മുന്നണിയിൽ തന്നെ ഉറച്ചുനിന്നല്ലോ. അതു മുന്നണി ഐക്യത്തിനു വേണ്ടിയാണെന്ന സത്യം സിപിഎം എന്തുകൊണ്ടു തിരിച്ചറിഞ്ഞില്ല? ഘടകകക്ഷികളുടെ സീറ്റുകൾ ഏകപക്ഷീയമായി ഏറ്റെടുത്ത് അവരെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നതു മുന്നണി മര്യാദയാണോ? കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടുപോയെങ്കിൽ അതിനുത്തരവാദി മുന്നണിയിലെ ഏറ്റവും വലിയ കക്ഷി തന്നെയാണെന്ന് ഇനിയും സമ്മതിച്ചുകൊടുക്കാൻ പിണറായിക്കു മനസ്സുവരുന്നില്ല. മറിച്ച്, പരാജയത്തിന്റെ ഉത്തരവാദിത്വം മറ്റു കക്ഷികളുടെ മേൽ കെട്ടിവയ്ക്കാനാണദ്ദേഹം തുനിയുന്നത്.

പിഡിപിയുമായി കൂട്ടുകൂടി മതേതരശക്തികളെ മുഴുവൻ ആശങ്കയുടെ നിഴലിലാക്കിയതിനെപ്പറ്റിയും പിണറായിക്കു കുറ്റബോധം ഉണ്ടായിട്ടില്ല. കൂട്ടുകെട്ടല്ല, കൂട്ടുകെട്ടിനെപ്പറ്റി മറ്റുള്ളവർ നടത്തിയ ദുഷ്പ്രചാരണമാണു വോട്ടു നഷ്ടപ്പെടുത്തിയതെന്ന വ്യാഖ്യാനം കണ്ണടച്ചിരുട്ടാക്കാനുള്ള പരിഹാസ്യമായ ശ്രമം മാത്രമാണ്.

മാധ്യമങ്ങളെപ്പറ്റിയുള്ള പരാതിയിലും കഴമ്പുണ്ടെന്നു പറയാൻ വയ്യ. മാധ്യമങ്ങളങ്ങനെയാണ്. 2004ലും 2006ലും മാധ്യമങ്ങൾ മുഴുവൻ യുഡിഎഫിനെതിരെ നടത്തിയ പ്രചാരണങ്ങളുടെ കാര്യമെന്തേ പിണറായി മറന്നുപോകുന്നു? അന്നു ഗുണഭോക്താക്കൾ എൽഡിഎഫ് ആയിരുന്നില്ലേ? എം.കെ.മുനീറിനെതിരെ അദ്ദേഹത്തിന്റെ സ്വന്തം ചാനൽപോലും വാർത്തകൾ നല്കിയ കാര്യമൊക്കെ പിണറായി മറന്നുപോയോ? മാധ്യമങ്ങളെല്ലാം മാധ്യമധർമം കൃത്യമായി പാലിക്കുന്നു എന്നൊന്നും അവകാശപ്പെടാനാവില്ല. പക്ഷേ, അവരുടെ സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ ഉറച്ച സ്തംഭങ്ങളിലൊന്നായിട്ടാണു പരിഗണിക്കപ്പെടുന്നത്.

തെരഞ്ഞെടുപ്പു പരാജയത്തിൽ നിന്നു പാഠം പഠിക്കണം. പഠിച്ചേ മതിയാവൂ. പക്ഷേ, അതു സ്വന്തം സംഭാവന ഒഴിവാക്കിക്കൊണ്ടാകരുത്. പരാജയം നല്കുന്ന പാഠങ്ങൾ തെറ്റായി വായിക്കുകയുമരുത്.

# സ്മാർട്സിറ്റി നഷ്ടപ്പെട്ടാൽ യുവജനങ്ങൾ ക്ഷമിക്കില്ല

>> 1

ഏതു വികസനപദ്ധതിക്കെതിരെയും സമരം സംഘടിപ്പിക്കുന്ന ഇടതുപക്ഷം ഇപ്പോൾ അധികാരത്തിലായതുകൊണ്ട് കാക്കനാട്ടു കൊടികുത്തി സമരം ഇതുവരെയുണ്ടായിട്ടില്ല. ഭരണവും സമരവും ഒന്നിച്ചു കൊണ്ടുപോകുന്ന അവരുടെ കുപ്രസിദ്ധമായ നയം ഇക്കാര്യത്തിലെങ്കിലും ഒഴിവാക്കേണ്ടതാണ്. യു.ഡി.എഫ്. 2004ൽ കൊണ്ടുവന്നതാണു സ്മാർട് സിറ്റിയെന്ന കേരളത്തിന്റെ സ്വപ്നപദ്ധതി. ഇപ്പോൾ വർഷം അഞ്ചു കഴിയുന്നു. നഷ്ടം മുഴുവൻ കേരളയുവത്വത്തിനാണ്. നേരിട്ടു 90000ഉം പരോക്ഷമായി അരലക്ഷത്തോളവും തൊഴിലവസരങ്ങളാണ് അവരെ കാത്തിരുന്നത്. ഇക്കാര്യത്തിൽ യാതൊരുത്കണ്ഠയും ഗവൺമെണ്ടിന്റെ ഭാഗത്തില്ല എന്നതാണ് ഏറെ വേദനാജനകം.

പന്ത്രണ്ടുശതമാനം ഭൂമിയിൽ ടീകോമിനു സ്വതന്ത്രനിർമാണാവകാശം അനുവദിക്കാമെന്നു സർക്കാർ സമ്മതിച്ചിരുന്നതാണെന്നു ടീകോം അവകാശപ്പെടുന്നു. അതിന്റെ സാങ്കേതികവും നിയമപരവുമായ വശങ്ങൾ പരിശോധിച്ചു തീരുമാനമെടുക്കാൻ കുറച്ചു സാവകാശം വേണമെന്നു മാത്രമേ ഗവൺമെണ്ട് ആവശ്യപ്പെട്ടിരുന്നുള്ളത്രെ.

ഇക്കാര്യത്തിൽ ഗവൺമെണ്ട് ഒളിച്ചുകളി നടത്തുകയാണോ എന്നു സംശയിക്കണം. ഡിസംബറിനു മുമ്പ് ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുന്നില്ലെങ്കിൽ പദ്ധതി ഉപേക്ഷിച്ചുപോകുമെന്ന് ടീകോം വ്യക്തമാക്കിക്കഴിഞ്ഞു.

ഭൂമിയിലുള്ള സ്വതന്ത്രാവകാശമെന്നു പറഞ്ഞാലെന്താണ്? വില്ക്കൽ വാങ്ങലുൾപ്പെടെയുള്ള അവകാശം എന്നാണോ? അതല്ല, സ്വതന്ത്രനിർമാണാവകാശം മാത്രമേ ചോദിച്ചിട്ടുള്ളു എന്നാണ് ടീകോം നിലപാട്. ഏതായാലും അടുത്ത മന്ത്രിസഭായോഗത്തിൽ തന്നെ ഇക്കാര്യം ചർച്ചയ്ക്കു വയ്ക്കുമെന്നു സ്മാർട്സിറ്റി പദ്ധതിയുടെ ചെയർമാൻ കൂടിയായ മന്ത്രി എസ്. ശർമ വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാനതാത്പര്യം ബലികഴിക്കാതെ, കേരളവികസനത്തിനു വൻകുതിപ്പു നല്കാൻ കഴിവുള്ള ഈ പദ്ധതി എന്തെങ്കിലും കാരണവശാൽ കേരളത്തിനു നഷ്ടപ്പെടാനിടയായാൽ കേരളയുവത്വം അതു ക്ഷമിക്കില്ല എന്നു ബന്ധപ്പെട്ടവർ ഓർക്കുന്നതു നന്നായിരിക്കും.

❖




*സ്മാർട്സിറ്റി*

**ഏതു വികസനപദ്ധതിക്കെതിരെയും സമരം സംഘടിപ്പിക്കുന്ന ഇടതുപക്ഷം ഇപ്പോൾ അധികാരത്തിലായതുകൊണ്ട് കാക്കനാട്ടു കൊടികുത്തി സമരം ഇതുവരെയുണ്ടായിട്ടില്ല. ഭരണവും സമരവും ഒന്നിച്ചു കൊണ്ടുപോകുന്ന അവരുടെ കുപ്രസിദ്ധമായ നയം ഇക്കാര്യത്തിലെങ്കിലും ഒഴിവാക്കേണ്ടതാണ്. യു.ഡി.എഫ്. 2004ൽ കൊണ്ടുവന്നതാണു സ്മാർട് സിറ്റിയെന്ന കേരളത്തിന്റെ സ്വപ്നപദ്ധതി. ഇപ്പോൾ വർഷം അഞ്ചു കഴിയുന്നു. നഷ്ടം മുഴുവൻ കേരളയുവത്വത്തിനാണ്. നേരിട്ടു 90000ഉം പരോക്ഷമായി അരലക്ഷത്തോളവും തൊഴിലവസരങ്ങളാണ് അവരെ കാത്തിരുന്നത്. ഇക്കാര്യത്തിൽ യാതൊരുത്കണ്ഠയും ഗവൺമെണ്ടിന്റെ ഭാഗത്തില്ല എന്നതാണ് ഏറെ വേദനാജനകം.**

രാഷ്ട്രീയം

പി.ടി.ജോസ്

# പിണറായി വീണ്ടും ആട്ടിൻതോലണിയുന്നു?




തിരഞ്ഞെടുപ്പ് പരാജയത്തിനുശേഷം സിപിഎം സംസ്ഥാന സെക്രട്ടറിയുടെ പല പ്രസംഗങ്ങളും ഉപദേശത്തിന്റെയും സമവായത്തിന്റെയും സഹകരണവാഗ്ദാനത്തിന്റേതുമായി തോന്നുന്നു. ഉപദേശമെല്ലാം ഘടകകക്ഷികളോടാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ ഭാഷണങ്ങളിൽ ഭീഷണിയും താക്കീതും വളരെ കുറവാണ്. അതു തീർത്തും ഒഴിവാക്കിയാൽ അദ്ദേഹത്തിന്റെ കമ്യൂണിസ്റ്റ് പരിവേഷം പൂർണമായും നഷ്ടപ്പെട്ടെന്ന് വിഎസ് വിഭാഗത്തിൽ ആരെങ്കിലും പറയുമോ എന്ന ഭയംകൊണ്ടാവാം പേരെടുത്തു പറയാതെ ഏതോ ഒരു ഘടകകക്ഷിക്ക് ഒരു താക്കീത് നല്കിയത്.

സഖാവ് വിജയന്റെ കഴിഞ്ഞകാല ചെയ്തികൾ അങ്ങനെ തോന്നിപ്പിക്കുന്നു. സഭാനേതൃത്വവുമായി ഒറ്റയ്ക്കും കൂട്ടായും ചർച്ച നടത്താൻ ഇതിനു മുൻപും വിജയൻ കുഞ്ഞാടിന്റെ തോലണിഞ്ഞത് ഓർക്കുന്നു.

വിജയൻ എന്ത് പരിപാടി ഇട്ടാലും അതിന് വ്യക്തമായ ഒരു ലക്ഷ്യവും ക്ലിപ്തമായ അജണ്ടയും ഉണ്ടല്ലോ? പോളിറ്റ് ബ്യൂറോ ഇടപെട്ട് തടഞ്ഞില്ലെങ്കിൽ വിജയൻ തീരുമാനിച്ചത് നടത്തിയിട്ടുണ്ട്. പാലക്കാട്ടും മലപ്പുറത്തും കോട്ടയത്തും അതു കണ്ടതാണ്.

2006 ജനുവരിയിൽ വിജയൻ ആരംഭിച്ച കേരളയാത്ര. "എന്തെന്തു മോഹങ്ങളായിരുന്നു. എത്ര കിനാവുകളായിരുന്നു!"

**എന്താണ് സഭാനേതൃത്വവുമായി ചർച്ച ചെയ്യേണ്ട വിഷയങ്ങൾ? എന്തിനാണ് ചർച്ച? ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പും അതിനുശേഷം നിയമസഭാ തിരഞ്ഞെടുപ്പും വരുന്നതുകൊണ്ട് ഒരുക്കുന്ന ഒരു കെണിയാണോ, ചർച്ച? സഖാവ് വിജയന്റെ കഴിഞ്ഞകാല ചെയ്തികൾ അങ്ങനെ തോന്നിപ്പിക്കുന്നു. സഭാനേതൃത്വവുമായി ഒറ്റയ്ക്കും കൂട്ടായും ചർച്ച നടത്താൻ ഇതിനു മുൻപും വിജയൻ കുഞ്ഞാടിന്റെ തോലണിഞ്ഞത് ഓർക്കുന്നു.**

" തിരഞ്ഞെടുപ്പിൽ എതിർത്തിട്ട് ഇനി എൽഡിഎഫിൽ കയറിക്കൂടാൻ വന്നാൽ അതിന് വേറെ എൽഡിഎഫ് നോക്കേണ്ടി വരും." എന്ന്. അതോടൊപ്പം, "കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ക്രൈസ്തവ വിഭാഗത്തിന്റെ വോട്ടുകൾ ഇത്തവണ യുഡിഎഫിന് കൂട്ടമായി ലഭിച്ചിട്ടുണ്ട്. ഇടതുമുന്നണിയിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ ഉണ്ടായ തെറ്റിദ്ധാരണയുടെ പേരിലാണ് ഇത്തരത്തിൽ യുഡിഎഫിന് വോട്ടു ചെയ്തതെങ്കിൽ അതേപ്പറ്റി സഭാനേതൃത്വവുമായി ചർച്ച നടത്താൻ സന്നദ്ധമാണെന്നും" പിണറായി പറഞ്ഞു.

എന്താണ് സഭാനേതൃത്വവുമായി ചർച്ച ചെയ്യേണ്ട വിഷയങ്ങൾ? എന്തിനാണ് ചർച്ച?

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പും അതിനുശേഷം നിയമസഭാ തിരഞ്ഞെടുപ്പും വരുന്നതുകൊണ്ട് ഒരുക്കുന്ന ഒരു കെണിയാണോ, ചർച്ച?

കേരളത്തിന്റെ മുഖ്യമന്ത്രിയാകണം. അതിന് ഇടതുപക്ഷമുന്നണി അധികാരത്തിൽ വരണം. അധികാരത്തിൽ എത്താൻ ഭൂരിപക്ഷ പിന്തുണ വേണം. ഇടതുപക്ഷത്തിന്റെ മാത്രം വോട്ടുകൊണ്ട് അതു നടക്കില്ല. അതുകൊണ്ടാണ് അന്നത്തെ ഡിഐസിയെ ഇടതുമുന്നണിയിൽ ചേർക്കാൻ അദ്ദേഹം തീരുമാനിച്ചതും പാവം മുരളിക്കും കെ. കരുണാകരനും പ്രതീക്ഷ കൊടുത്തതും. തൃശൂർ എത്തിയപ്പോഴേക്കും ആ മോഹം പൊലിഞ്ഞു. വിഎസ് ഇടങ്കോലിട്ടു. വരട്ടുതത്വവാദി! ആദർശത്തിന്റെയും പ്രത്യയശാസ്ത്രപ്രതിബദ്ധതയുടെയും കാര്യം പറഞ്ഞ് അന്നു വിഎസ്പി കേന്ദ്രകമ്മിറ്റിയെ കൈയിലെടുത്തു. ഇപ്പോഴത്തെ പിബിയെ കൈയിലെടുക്കാനും അത്ര പ്രയാസമൊന്നുമില്ല.

>> 18


# പ്രതിച്ഛായ
## ഓണപ്പതിപ്പ് 2009



**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

✦ പ്രമുഖ രാഷ്ട്രീയ സാംസ്കാരിക നായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
- ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ
- ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം
- ***ദഹനബലി***

✦ പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണനുമായി അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

✦ **ന്യൂസ് ഡയറി**
2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നു മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ,*
*പാലസ് റോഡ്*
*കോട്ടയം - 1*

രാഷ്ട്രീയ കേരളം

സാബു ജോൺ

# കേരളം ഗുണ്ടകളുടെ സ്വന്തം നാടാകുന്നു

**കേ**രള ഡിജിപിയുടെ ആസ്ഥാനത്തുനിന്ന് നൂറു മീറ്റർ മാത്രം അകലെ പട്ടാപ്പകൽ ഗുണ്ടയെ വെട്ടിക്കൊന്ന സംഭവം കേരളത്തെ തന്നെ നടുക്കുന്നതായിരുന്നു. ആക്രമികളും ഗുണ്ടാസംഘത്തിൽപ്പെട്ടവർ തന്നെയായിരുന്നു.

നൂറുകണക്കിനാളുകൾ നോക്കിനില്ക്കെ പട്ടാപ്പകൽ നഗരത്തിന്റെ തിരക്കേറിയ സ്ഥലത്തു നടന്ന ഈ അക്രമം കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥയാണ് വ്യക്തമാക്കുന്നത്. നിരപരാധിയായ വ്യക്തിയെ ആളുമാറി വീട്ടിൽ കയറി വെട്ടിക്കൊന്നതുൾപ്പെടെ ഒന്നിലേറെ കൊലപാതകക്കേസുകളിലും നിരവധി ക്രിമിനൽ കേസുകളിലും പ്രതിയാണ് മരിച്ചയാൾ. അതുകൊണ്ടു മരിച്ചയാളിനോടുള്ള സഹാനുഭൂതിയല്ല ഈ സംഭവത്തെ ജനശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്.

ഡിജിപിയുടെ മൂക്കിനു താഴെ ഗുണ്ടാസംഘങ്ങൾക്ക് അഴിഞ്ഞാടാൻ സാധിക്കുന്നെങ്കിൽ കേരളം എത്ര മാത്രം സുരക്ഷിതമെന്ന ചോദ്യമാണ് ഉയരുന്നത്. ഗുണ്ടാത്തലവൻ കൊല്ലപ്പെട്ടതിന്റെ അടുത്ത ദിവസം നഗരത്തിലെ ചെറിയൊരു പ്രദേശത്തെങ്കിലും കൊല്ലപ്പെട്ടയാളുടെ സംഘത്തിന്റെ നിർദേശപ്രകാരം ഹർത്താൽ ആചരിക്കാൻ വ്യാപാരികൾ വരെ നിർബന്ധിതരായി.

തലസ്ഥാനനഗരത്തിൽ തന്നെ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സമാനമായ നിരവധി അക്രമങ്ങൾ നടന്നിട്ടുണ്ട്. കുറേപ്പേർ കൊല്ലപ്പെട്ടിട്ടുമുണ്ട്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ ദിനംപ്രതി ഇത്തരം സംഭവങ്ങൾ അനുദിനം അരങ്ങേറിക്കൊണ്ടിരിക്കുന്നു.

> **പോലീസ് ഉദ്യോഗസ്ഥർ വരെ കാര്യസാധ്യത്തിനായി ഗുണ്ടകളെ സമീപിക്കുന്ന സംഭവങ്ങൾ ഒറ്റപ്പെട്ടതല്ല. പണ്ടു രാഷ്ട്രീയപാർട്ടികൾ നേരിട്ടു ചെയ്തിരുന്ന പല കാര്യങ്ങളും ഇപ്പോൾ ഗുണ്ടാസംഘങ്ങളെ ഏല്പ്പിച്ചു തുടങ്ങിയിരിക്കുന്നു. ധനാഢ്യരെ തോല്പ്പിക്കുന്ന ആഢംബരങ്ങളിൽ മുഴുകി ഗുണ്ടാത്തലവന്മാർ ജീവിക്കുന്നത് വെറുതെയല്ല. ഈ പണി ഇവർക്ക് ഒരുപാടു പണവും ബന്ധങ്ങളും സൃഷ്ടിച്ചു കൊടുക്കുന്നു.**

> **ഡിജിപിയുടെ മൂക്കിനു താഴെ ഗുണ്ടാസംഘങ്ങൾക്ക് അഴിഞ്ഞാടാൻ സാധിക്കുന്നെങ്കിൽ കേരളം എത്ര മാത്രം സുരക്ഷിതമെന്ന ചോദ്യമാണ് ഉയരുന്നത്. ഗുണ്ടാത്തലവൻ കൊല്ലപ്പെട്ടതിന്റെ അടുത്ത ദിവസം നഗരത്തിലെ ചെറിയൊരു പ്രദേശത്തെങ്കിലും കൊല്ലപ്പെട്ടയാളുടെ സംഘത്തിന്റെ നിർദേശപ്രകാരം ഹർത്താൽ ആചരിക്കാൻ വ്യാപാരികൾ വരെ നിർബന്ധിതരായി.**

കേരളം ഗുണ്ടാസംഘങ്ങളുടെ പിടിയിലമർന്നിരിക്കുന്നു എന്ന വസ്തുതയിലേക്കാണ് ഈ സംഭവങ്ങളെല്ലാം വിരൽ ചൂണ്ടുന്നത്. പണ്ടു കാലം മുതൽ തന്നെ കേരളത്തിന്റെ നഗരപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും റൗഡികളുണ്ടായിരുന്നു. അവരിൽ പലരും നാടുവിറപ്പിച്ചു നടന്നിരുന്നവരുമായിരുന്നു.

എന്നാൽ അന്നത്തെ റൗഡികളും ഇന്നത്തെ ഗുണ്ടകളും തമ്മിൽ താരതമ്യമില്ല. ഇന്നു ഗുണ്ടകൾ ഒറ്റപ്പെട്ട വ്യക്തികളല്ല. അവർ സംഘങ്ങളാണ്. അവർക്കു തലവനുണ്ട്. നിയമസഹായം നല്കാൻ കൊള്ളാവുന്ന വക്കീലന്മാരുണ്ട്. പോലീസിൽ ഉയർന്ന ഉദ്യോഗസ്ഥന്മാർ വരെ കൂട്ടുകാരായുണ്ട്. രാഷ്ട്രീയനേതാക്കളുമായി അടുത്ത സൗഹൃദമുണ്ട്.

അതുകൊണ്ടു തന്നെയാണ് കൊട്ടിഘോഷിച്ച് ഗുണ്ടാനിയമം കൊണ്ടുവന്നിട്ടും പേരെടുത്ത ഗുണ്ടകളെല്ലാം ഇന്നും സ്വൈര്യവിഹാരം നടത്തുന്നത്. അഥവാ പിടിയിലായാലും തടവിൽ കിടന്നു കൊണ്ടു തന്നെ അവർക്ക് അനുയായികളെ നിയന്ത്രിക്കാനും ഓപ്പറേഷനുകൾ നടത്തിക്കാനും സാധിക്കുന്നു.

കേരളത്തിന്റെ നഗരപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും ഗുണ്ടാസംഘങ്ങൾ തഴച്ചുവളരുകയാണ്. ദരിദ്രസാഹചര്യത്തിൽ നിന്നു വരുന്ന ചെറുപ്പക്കാർ പെട്ടെന്നു പണമുണ്ടാക്കാനുള്ള എളുപ്പവഴിയായി ഗുണ്ടാപ്പണിയെ സ്വീകരിച്ചിരിക്കുകയാണിപ്പോൾ. പുത്തൻ ജനറേഷൻ ബാങ്കുകളും മറ്റു സ്വകാര്യ ധനകാര്യസ്ഥാപനങ്ങളും തങ്ങളുടെ പണപ്പിരിവ് ഗുണ്ടാസംഘങ്ങളെയാണ് ഏല്പ്പിച്ചിരിക്കുന്നത്. മണൽ മാഫിയയും സ്പിരിറ്റ് മാഫിയയും അവരുടെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ടു കൊണ്ടു പോകാൻ ആശ്രയിക്കുന്നതും ഇവരെ തന്നെ.

പോലീസ് ഉദ്യോഗസ്ഥർ വരെ കാര്യസാധ്യത്തിനായി ഗുണ്ടകളെ സമീപിക്കുന്ന സംഭവങ്ങൾ ഒറ്റപ്പെട്ടതല്ല. പണ്ടു രാഷ്ട്രീയപാർട്ടികൾ നേരിട്ടു ചെയ്തിരുന്ന പല കാര്യങ്ങളും ഇപ്പോൾ ഗുണ്ടാസംഘങ്ങളെ ഏൽപ്പിച്ചു തുടങ്ങിയിരിക്കുന്നു. ധനാഢ്യരെ തോൽപ്പിക്കുന്ന ആഢംബരങ്ങളിൽ മുഴുകി ഗുണ്ടാത്തലവന്മാർ ജീവിക്കുന്നത് വെറുതെയല്ല. ഈ പണി ഇവർക്ക് ഒരുപാടു പണവും ബന്ധങ്ങളും സൃഷ്ടിച്ചു കൊടുക്കുന്നു.

ഗുണ്ടാസംഘങ്ങൾ സ്വയം ഉണ്ടാകുന്നതല്ല. അവരെ വളർത്തി വലുതാക്കുന്നതാണ്. ഇതിൽ പോലീസിന്റെ തലപ്പത്തുള്ളവർക്കുൾപ്പെടെ പങ്കുണ്ട്. ചില ഉന്നതരാഷ്ട്രീയക്കാർക്കും രാഷ്ട്രീയപാർട്ടികൾക്കും പങ്കുണ്ട്.

ഏതായാലും ഒരു കാര്യത്തിൽ തർക്കമില്ല. ഇന്നത്തെ നിലയിൽ മുന്നോട്ടു പോയാൽ കേരളത്തിൽ സാധാരണക്കാർക്ക് സമാധാനജീവിതം അസാധ്യമാകുന്ന തരത്തിൽ ഗുണ്ടകൾ പിടിമുറുക്കാൻ അധികസമയം വേണ്ടിവരില്ല. ഈ സാമൂഹ്യവിപത്തിനെതിരേ ശക്തമായ ജനമുന്നേറ്റമുണ്ടായേ പറ്റൂ. ❖

## സ്മാർട്സിറ്റി സ്മാർട്ടാകുന്നില്ല

**ഇ**ടതുമുന്നണി സർക്കാരിന്റെ ഒന്നാം വാർഷികത്തിനു കേരളത്തിനു ലഭിച്ച സമ്മാനമായിരുന്നു സ്മാർട് സിറ്റി പ്രോജക്ട്. സ്മാർട് സിറ്റി അധികൃതരും കേരള സർക്കാരും തമ്മിൽ കരാർ ഒപ്പുവച്ചത് ഇടതുസർക്കാരിന്റെ ഒന്നാം വാർഷികാഘോഷവേളയിലായിരുന്നു.

> **എത്രയോ പദ്ധതികളാണ് ഇടതുസർക്കാർ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നത്. വിഴിഞ്ഞം പദ്ധതി തടസ്സങ്ങളെല്ലാം മറികടന്ന് നമുക്ക് അനുവദിച്ചു കിട്ടിയതാണ്. പക്ഷേ അവിടെയും നമ്മൾ പതിവു തെറ്റിച്ചില്ല. 2010ലെ ദേശീയ ഗെയിംസ് അനുവദിച്ചുകിട്ടിയിരിക്കുന്നതും കേരളത്തിനാണ്. നിരവധി സ്റ്റേഡിയങ്ങളും പുതിയ റോഡുകളും മറ്റു സൗകര്യങ്ങളുമെല്ലാം ഒരു വർഷത്തിനകം നിർമിക്കുമെന്നാണ് സർക്കാർ ഇപ്പോഴും പറയുന്നത്!**

സാധാരണഗതിയിൽ എവിടെയായാലും പദ്ധതിയുടെ ഉദ്ഘാടനം അടുത്തെത്തേണ്ട സമയമായി. എന്നാൽ സർക്കാർ തെരഞ്ഞെടുപ്പു പരാജയത്തിന്റെ അപമാനഭാരത്താൽ തല താഴ്ത്തി നിന്നു കൊണ്ട് മൂന്നാം വാർഷികം ആഘോഷിച്ചപ്പോൾ സ്മാർട് സിറ്റി അധികൃതർ കേരളത്തിലെത്തി സർക്കാരിന് അന്ത്യശാസനം നല്കി മടങ്ങിപ്പോകുന്നതാണ് കേരളം കണ്ടത്.

പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ പോലും ഇനിയും തുടങ്ങിയിട്ടില്ല. സ്മാർട്സിറ്റിക്കാർ സാമ്പത്തികപ്രതിസന്ധിയിലാണെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പറയുമ്പോൾ, തങ്ങൾക്ക് ഒരു പ്രതിസന്ധിയുമില്ലെന്ന് സ്മാർട്സിറ്റി അധികൃതർ പറയുന്നു. ഏതായാലും ഇപ്പോഴത്തെ നിലയിൽ സ്മാർട് സിറ്റി പദ്ധതിയുടെ ഭാവി ഇരുളിലാണ്. ഡിസംബർ വരെയാണ് അവർ നല്കിയിരിക്കുന്ന സമയപരിധി. അതുകഴിഞ്ഞാൽ പദ്ധതി ഉപേക്ഷിച്ചു മടങ്ങുമെന്ന സൂചനയാണ് സ്മാർട്സിറ്റി അധികൃതരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. തുടക്കം മുതൽ വിവാദങ്ങളിൽ പെട്ടുകിടന്ന സ്മാർട്സിറ്റി പദ്ധതി സിപിഎമ്മിനകത്തെ ആഭ്യന്തരപ്രശ്നങ്ങളുടെ രക്തസാക്ഷി സ്മാരകമായി തീരുകയാണെന്നുള്ളതാണ് വസ്തുത.

യഥാർഥത്തിൽ ഇതുതന്നെയാണ് കേരളത്തിന്റെ ഗതികേട്. ഒരു കാര്യവും നേരെ ചൊവ്വേ ചെയ്യുവാൻ ഇവിടത്തെ ഭരണാധികാരികൾക്കു കഴിയില്ല. മറ്റുള്ളവരെ പഴിപറഞ്ഞ് സ്വന്തം കഴിവുകേടുകളുടെ വീഴ്ചയിൽ നിന്നു തലയൂരാൻ മാത്രമാണ് നമ്മൾ ശ്രദ്ധിക്കുന്നത്.

എത്രയോ പദ്ധതികളാണ് ഇടതു സർക്കാർ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നത്. വിഴിഞ്ഞം പദ്ധതി തടസ്സങ്ങളെല്ലാം മറികടന്ന് നമുക്ക് അനുവദിച്ചു കിട്ടിയതാണ്. പക്ഷേ അവിടെയും നമ്മൾ പതിവു തെറ്റിച്ചില്ല. 2010ലെ ദേശീയ ഗെയിംസ് അനുവദിച്ചുകിട്ടിയിരിക്കുന്നതും കേരളത്തിനാണ്. നിരവധി സ്റ്റേഡിയങ്ങളും പുതിയ റോഡുകളും മറ്റു സൗകര്യങ്ങളുമെല്ലാം ഒരു വർഷത്തിനകം നിർമിക്കുമെന്നാണ് സർക്കാർ ഇപ്പോഴും പറയുന്നത്!

തിരുവനന്തപുരത്തെ റോഡുകളുടെ വീതി കൂട്ടാൻ ഇരുവശത്തെയും കെട്ടിടങ്ങൾ പൊളിച്ചിട്ട് മൂന്നു വർഷമായിട്ടും അതെല്ലാം അതേപടി കിടക്കുകയാണ്. അതു പൂർത്തിയാക്കാൻ കഴിവില്ലാത്തവരാണ് ഒരു വർഷത്തിനകം സ്റ്റേഡിയങ്ങളും റോഡുകളുമെല്ലാം പണിത ശേഷം ഇവിടെ ദേശീയ ഗെയിംസ് നടത്തുമെന്ന് ആണയിട്ടു കൊണ്ടിരിക്കുന്നത്.

മറ്റു സംസ്ഥാനങ്ങൾ അടിസ്ഥാന സൗകര്യ മേഖലകളിലുൾപ്പെടെ വികസനരംഗത്ത് കുതിച്ചു ചാട്ടം നടത്തുമ്പോൾ കേരളം എല്ലാരംഗത്തും പിറകോട്ടു പോകുന്നതെന്തുകൊണ്ടെന്നു തിരിച്ചറിയാൻ ഈ ഉദാഹരണങ്ങളൊക്കെ ധാരാളം. ❖

CYAN MAGENTA YELLOW BLACK



കാഴ്ചവട്ടം

പ്രൊഫ.മാടവന ബാലകൃഷ്ണപിള്ള

# ഗുണ്ടയ്ക്കൊപ്പം ഗുണ്ടമാത്രം...

ഗുണ്ടകളെ പേടിച്ചു പുറത്തിറങ്ങാൻ വയ്യാത്ത അവസ്ഥ. ഗുണ്ടാശല്യം എന്നു പത്രത്തിൽ വന്നാൽ പോലും, അതമർച്ച ചെയ്യാൻ ചുമതലപ്പെട്ട പോലീസ് നിർജീവം. അനങ്ങില്ല. പേപ്പട്ടിശല്യം എന്നു പത്രത്തിൽ വന്നാൽ പിറ്റേന്നു തന്നെ, പട്ടി പിടുത്തക്കാർ നഗരത്തിലിറങ്ങി പേപ്പട്ടികളെ കഴുത്തിൽ കുരുക്കിട്ടു കൊന്നു കെട്ടിവലിച്ചുകൊണ്ടു പോകാറുണ്ട്. അതുവഴി പേപ്പട്ടിശല്യം ഒഴിവാകാറുമുണ്ട്. പക്ഷേ, അതിലും എത്രയോ ഭീകരമായ രീതിയിൽ പ്രവർത്തിക്കുന്ന ഗുണ്ടകളെ അടിച്ചമർത്താൻ കേരളത്തിൽ കഴിയില്ലെന്നോ? ഗുണ്ടകളെ പേടിച്ചു നേർവഴി നടക്കാനാവില്ലെന്നോ?



എന്റെ ഗുണ്ടാബന്ധം തുടങ്ങുന്നത് ഇരുപതുവർഷം മുമ്പാണ്! കോട്ടയം ടൗണിൽ എന്റെ ഒരു വീട് വാടകയ്ക്ക് നല്കിവരുന്നുണ്ട്. അന്ന് ആ വീട്ടിൽ താമസിച്ചിരുന്നയാൾ പിന്നീടെന്റെ സുഹൃത്തായി. ഞാൻ പ്രവർത്തിക്കുന്ന ഒരു സംഘടനയിൽ അംഗമാകുകയും ചെയ്തു. അതോടെ, അയാൾ ക്രമേണ വാടകതരാതായി. ആറേഴുമാസം കഴിഞ്ഞാണ്, ഞാൻ ആദ്യമായി വാടകക്കുടിശ്ശികയുടെ കാര്യം അയാളെ മയത്തിൽ ഓർമിപ്പിക്കുന്നതും.

“അതെന്താ, ഉടനെ തരാമല്ലോ?” അയാൾ വിനയാന്വിതനായി. അല്ലെങ്കിലും അയാൾക്കല്പം വിനയം കൂടുതലായിരുന്നു.

മാസങ്ങൾ വീണ്ടും കടന്നുപോയി. പലതവണ ചോദിച്ചു. മുഷിഞ്ഞും മുഷിയാതെയും. സംഘടനവഴി സഹപ്രവർത്തകനായതിനാൽ ബലമായി വീടൊഴിപ്പിക്കുന്നതിനോ പോലീസിൽ പരാതിപ്പെടുന്നതിനോ മനസ്സു വന്നില്ല. എങ്കിലും സംഘടനയിലെ മുഴുവൻ ആളുകളെയും ഞാൻ എന്റെ പരിതാപകരമായ അവസ്ഥ പറഞ്ഞു മനസ്സിലാക്കി.

“സൗഹൃദമൊന്നും നോക്കേണ്ട. അയാളെ വീട്ടിൽ നിന്നിറക്കിവിടണം.”

“പോലീസിൽ പോയാൽ ഗുണമൊന്നുമില്ല. കോടതിയിലായാൽ വർഷങ്ങൾ നീണ്ടു നില്ക്കും. വീടൊഴിയൽ മാത്രം നടക്കില്ല.”

“ബലമായി ഇറക്കിവിട്ടാൽ മാത്രമേ രക്ഷയുള്ളൂ.”

സംഘടനയിൽ തന്നെയുള്ള സുഹൃത്തുക്കൾ ഓരോരുത്തർ അവരവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ ഞാനും.

ബിസിനസുകാരനായ ഒരു സുഹൃത്തു പിറ്റേന്നു വിളിച്ചു വീടൊഴിപ്പിക്കലിനെപ്പറ്റി വിശദമായി സംസാരിച്ചു. അയാൾക്ക് എന്നോടല്പം ബാധ്യതയുള്ളയാളുമാണ്. അതിനാൽ, എന്നെ സഹായിക്കാൻ അയാൾ തയ്യാറുമാണ്.

“വീട്ടിൽ നിന്നും പിടിച്ചിറക്കി വിടുകയല്ലാതെ മറ്റു മാർഗമൊന്നുമില്ല.” അയാൾ ശക്തമായി, അനുഭവങ്ങളുടെ പിൻബലത്തോടെ വിശദീകരിച്ചു. അയാളുടെ ബന്ധുക്കൾ അടുത്തകാലത്തിറക്കിവിട്ട ചില വാടകക്കുടിശ്ശികക്കാരുടെ കഥകളും വിവരിക്കുന്നുണ്ടായിരുന്നു. അതിനാൽ രണ്ടു വർഷത്തിലേറെയായി വാടക്കുടിശ്ശിക വരുത്തിയ ആളെ എങ്ങനെയെങ്കിലും ഇറക്കിവിടണമെന്നുള്ള ചിന്ത മനസ്സിൽ ശക്തിപ്പെടുകയായിരുന്നു.

“ഞാനൊരാളെ അങ്ങോട്ടയയ്ക്കാം. അയൾ കാര്യങ്ങൾ വേണ്ടപോലെ പറഞ്ഞുതരും”.

സുഹൃത്തിന്റെ നല്ലമനസ്സിന് നന്ദി!

രാവിലെ ഓഫീസിൽ ചെന്ന് അല്പം കഴിയുന്നതിനു മുമ്പുതന്നെ, ഒരു ചെറുപ്പക്കാരൻ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. സുഹൃത്തയച്ചയാളാണെന്നു സ്വയം പരിചയപ്പെടുത്തുകയും ചെയ്തു.

“കഴിഞ്ഞയാഴ്ച ഞങ്ങളൊരാളെ ബലമായി വാടകവീട്ടിൽ നിന്നും പുറത്താക്കി താക്കോൽ വീട്ടുടമയെ ഏല്പിച്ചു. ഇതൊന്നുമത്ര കാര്യമല്ല”, അയാൾ നിസ്സാരമായി പറഞ്ഞു.

“എങ്ങനെയാണ് അയാളെ നിങ്ങളിറക്കിവിട്ടത്?”ഞാൻ ഉദ്വേഗത്തോടെ ചോദിച്ചു.

“ഞങ്ങൾ നാലുപേർ അങ്ങോട്ടു കയറിച്ചെന്നു. ബെല്ലടികേട്ട് അയാൾ കതക് തുറന്നതോടെ അയാളെ ചവിട്ടി താഴെയിട്ടു. വടിവാളെടുത്തു കൈമുട്ടിനു താഴെ ഒറ്റവെട്ടു! രക്തം വാർന്നൊലിച്ചു. എന്നിട്ടാണ് കാര്യം പറഞ്ഞത്. അയാൾ അപ്പോൾ തന്നെ ഇറങ്ങാമെന്നേറ്റു. പെട്ടെന്നയാളുടെ, കോളജിൽ പഠിക്കുന്ന മകൻ അകത്തുനിന്നിറങ്ങിവന്നു. ഞങ്ങളെ വിരട്ടാൻ തുടങ്ങി. ഒരു വെട്ടവനും കൊടുത്തു! ഭാര്യ കരഞ്ഞോണ്ടോടി വന്നു. ഒരു ചവിട്ടവർക്കിട്ടും കൊടുത്തു. അതോടെ എല്ലാം ക്ലിയർ. താക്കോൽ ഞങ്ങളെ ഏല്പിച്ചു, ചോരയൊലിക്കുന്ന കൈകളുമായി അച്ഛനും മകനും കാറിൽ കയറി ആശുപത്രിയിലേക്കു പോയി. ഞങ്ങൾ സാധനങ്ങളെല്ലാം വാരി വെളിയിലിട്ടു. വേറെ പൂട്ടിട്ടു വീടും പൂട്ടി സ്ഥലംവിട്ടു. ഇത്ര മാത്രം...”

ഞാൻ ഞെട്ടിപ്പോയി. ക്രൈം ത്രില്ലർ കഥ വായിച്ചോ സിനിമ കണ്ടോ ഞെട്ടുന്നമട്ടിലല്ല. എന്റെ മുമ്പിൽ, കൊലക്കത്തിയുമായി ഒരു കാട്ടാളൻ ഇരിക്കുന്നുണ്ട്.

“ രാജുസാറിന്റെ ഇത്തരം കാര്യങ്ങളെല്ലാം ഞാനാ ചെയ്യുന്നെ... എന്നാണെന്നു പറഞ്ഞാൽ മതി... ഇവൻ അല്പം കുഴപ്പക്കാരനാണെന്നാണ് രാജുസാർ പറഞ്ഞത്... അതിനാൽ ആദ്യം തന്നെ അവന്റെ കൈ അങ്ങു വെട്ടിക്കളഞ്ഞേക്കാം...പിന്നെ എല്ലാം അരമണിക്കൂറിനുള്ളിൽ തീരും”.

വാഴക്കുല വെട്ടുന്ന ലാഘവത്തോടെ അയാൾ പറഞ്ഞു. അയാളൊരു ഗുണ്ടയാണെന്നുള്ള തിരിച്ചറിവ് അപ്പോഴാണെനിക്കുണ്ടായത്!

സത്യത്തിൽ ഞാൻ കിടുകിടാ വിറയ്ക്കാൻ തുടങ്ങി. നാക്കുകൊണ്ടുള്ള ‘കത്തിയും’ പേനാകൊണ്ടുള്ള ‘പാരയും’ മാത്രമേ മാരകായുധങ്ങളായി ഞാൻ അന്നേവരെ കൈകാര്യം ചെയ്തിട്ടുള്ളൂ! അതിലൊന്നും ചോരപ്പൂക്കൾ പൊടിഞ്ഞിട്ടുമില്ല. പക്ഷേ, ഇതല്പം കടന്ന കയ്യാണ്.

“കേസും വഴക്കുമൊന്നും വരുമെന്നു സാറ് പേടിക്കേണ്ട. അതൊക്കെ ഞങ്ങൾ നോക്കിക്കൊള്ളാം....” വെട്ടും കുത്തുമൊക്കെ അയാൾക്കു നിസ്സാരം.

>> 8

**ജില്ലാ ജഡ്ജിയുടെ കാറും വീടും എറിഞ്ഞു തകർത്തവനെ അദ്ദേഹം തന്നെ ചുണ്ടിക്കാണിച്ചിട്ടും നടപടിയില്ല, അറസ്റ്റില്ല. തീക്കട്ടയിൽ വരെ ഉറുമ്പരിക്കുമെന്നായിരിക്കുന്നു! ഗുണ്ടയെ തട്ടാൻ ഗുണ്ട തന്നെ വേണമെന്നായിരിക്കുന്നു. ഗുണ്ടയ്ക്കൊപ്പം ഗുണ്ട മാത്രം! ഗുണ്ടയെ കൊല്ലാനും ഗുണ്ട തന്നെ വേണ്ടിയിരിക്കുന്നു.**

## അറിയേണ്ടും വാർത്തകൾ

### ആഗോള സാമ്പത്തിക പ്രതിസന്ധി കൈക്കൂലിക്കു വളമാകുമോ?

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതം സാമ്പത്തിക ഭദ്രതയിൽ മുന്നിട്ടു നിന്ന വമ്പൻ കമ്പനികൾ പോലും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടുമിരിക്കുന്നു.

എന്നാൽ ഈ പ്രതിസന്ധി അഴിമതിയെ തഴച്ചുവളരാനുള്ള സാഹചര്യം സൃഷ്ടിക്കുമോ എന്ന് ഏറെപ്പേരും ഭയപ്പെടുന്നു. ജർമനിയിലെ ബർലിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്രസംഘടനയായ ട്രാൻസ്പേരൻസി ഇന്റർനാഷണൽ 69 രാജ്യങ്ങളിലായി നടത്തിയ സർവേയിലാണ് ജനങ്ങളുടെ ഈ ആശങ്ക പ്രകടമാകുന്നത്.

73,000ത്തോളം പേർ പങ്കെടുത്ത സർവേയിൽ 53 ശതമാനം പേരും അഭിപ്രായപ്പെടുന്നത് സ്വകാര്യസ്ഥാപനങ്ങളിൽ കോഴയും നികുതി വെട്ടിപ്പും കൂടുതൽ വ്യാപകമാകും എന്നാണ്. സർവേയിൽ പങ്കെടുത്തവരിൽ പത്ത് ശതമാനത്തിലധികം പേരും കഴിഞ്ഞ വർഷം ഏതെങ്കിലുമൊക്കെ കാര്യങ്ങൾക്കായി കൈക്കൂലി നല്കേണ്ടിവന്നവരാണ്.

കാമറൂൺ, ലൈബീരിയ, ഡിയഗലിയോൺ, ഉഗാണ്ട എന്നീ രാജ്യങ്ങളിൽ കൈക്കൂലി സർവസാധാരണമായിരിക്കുന്നതായും സർവേയിൽ കണ്ടെത്തി. സ്വകാര്യമേഖലയിലെ കോഴയും അഴിമതിയും ഏറ്റവും കൂടുതൽ അരങ്ങേറുന്നത് ജോർജിയ, അൽബേനിയ, അമേരിക്ക, കാനഡ എന്നിവിടങ്ങളിലാണെന്നും സർവേഫലം സാക്ഷ്യപ്പെടുത്തുന്നു.

## വിൻഡ് ഫാം

### ലോകത്തിന് മാതൃകയായി ഓസ്ട്രേലിയ



ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണി. വർധിച്ചുവരുന്ന ഊർജാവശ്യം നിറവേറ്റുന്നതിനായി നടക്കുന്ന പ്രവർത്തനങ്ങളാണ് ഈ ആഗോളപ്രശ്നത്തിന്റെ പ്രധാന നിദാനം. പുതിയ ഊർജസ്രോതസുകൾ കണ്ടെത്തേണ്ടതിന്റെ അനിവാര്യതയും ഇന്ന് ചൂടേറിയ ചർച്ചാവിഷയമാണ്.

പ്രകൃതിയ്ക്ക് ഒരുതരത്തിലും കോട്ടം വരുത്താത്ത നിലയിലുള്ള ഊർജോത്പാദനമാർഗങ്ങൾ അവലംബിക്കുകയാണ് ഉത്തമം. ഈ നിലയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാറ്റിൽനിന്നുമുള്ള വൈദ്യുതി. ഇക്കാര്യത്തിൽ ഓസ്ട്രേലിയ മാതൃകയാവുകയാണ്. ന്യൂ സൗത്ത് വെയ്ൽസിന് സമീപമുള്ള ബ്രോക്കൺ ഹില്ലിൽ രാജ്യത്തെ ഏറ്റവും വലിയ വിൻഡ് ഫാമിന്റെ നിർമാണത്തിന് അനുമതി നല്കിക്കഴിഞ്ഞു.

അറുനൂറ് ടർബൈനുകൾ പ്രവർത്തിപ്പിക്കുന്ന ഈ പദ്ധതിയിൽനിന്നും നാലുലക്ഷത്തോളം വീടുകളിലേക്ക് ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയും.

2020-ഓടുകൂടി രാജ്യത്തിന്റെ മൊത്തം വൈദ്യുതി ആവശ്യത്തിന്റെ ഇരുപതു ശതമാനത്തോളവും വിൻഡ് ഫാമുകളിൽനിന്നും ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

CYAN MAGENTA YELLOW BLACK